പട്ടികജാതിക്ഷേമ വകുപ്പിന്റെ മാവേലിക്കര നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

282 (990) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്ഷേമ വകുപ്പ് മാവേലിക്കര നിയോജക മണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ ; 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വികസന പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പട്ടികജാതിക്ഷേമ വകുപ്പിൽനിന്നും മാവേലിക്കര മണ്ഡലത്തിൽ വിതരണം ചെയ്ത ദുരിതാശ്വാസ-ചികിത്സാസഹായ നിധിയുടെ വിശദാംശങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ വ്യക്തികളുടെ മേൽവിലാസമടക്കം വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതിക്ഷേമ വകുപ്പിൽ നിന്നും മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെയും, സ്ഥലം വാങ്ങുന്നതിന് ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വന്തമായി സ്ഥലവും വീടുമില്ലാത്ത പട്ടികജാതി വിഭാഗക്കാർ

283 (991) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി സ്ഥലവും വീടുമില്ലാത്ത പട്ടികജാതി വിഭാഗക്കാരുടെ കണക്ക് 2009-10 -ലെ കിലയുടെ റിപ്പോർട്ടനുസരിച്ച് ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2010-11, 2011-12, 2012-13 വർഷങ്ങളിൽ ഈ വിഭാഗക്കാർക്ക് ഓരോ ജില്ലകളിലും അനുവദിച്ച യൂകയെത്രയെന്നും ലഭിച്ച വീടുകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) കിലയുടെ 2009-10-ലെ റിപ്പോർട്ട് പ്രകാരം പട്ടികജാതിക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് വിദ്യാഭ്യാസ മേഖലയിലും തൊഴിൽ പരിശീലന മേഖലയിലും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിരുന്നത് ;

(ഡി) ഈ നിർദ്ദേശം അനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ)

ജില്ല	ഭൂരഹിത ഭവനരഹിതർ (2009-10)ലെ 'കില' യുടെ റിപ്പോർട്ട് പ്രകാരം
തിരുവനന്തപുരം	5120
കൊല്ലം	2744
പത്തനംതിട്ട	898
ആലപ്പുഴ	622
കോട്ടയം	1300
ഇടുക്കി	6584
എറണാകുളം	2420
തൃശ്ശൂർ	1312
പാലക്കാട്	1855
മലപ്പുറം	499
കോഴിക്കോട്	319
വയനാട്	603
കണ്ണൂർ	512
കാസർഗോഡ്	366

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി&ഡി) 2009-10 ലെ സർവ്വേയിൽ അടിസ്ഥാന വിവരശേഖരണം നടത്തിയതല്ലാതെ തൊഴിൽ-വിദ്യാഭ്യാസ മേഖലകളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിരുന്നില്ല

കാസർഗോഡ് നടക്കാവ് കോളനിയിലെ പ്രവൃത്തികൾ

284 (992) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ നടക്കാവ് കോളനിയെ മോഡൽ കോളനിയായി ഉയർത്തി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത നടത്തിയവർ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; കോളനിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യ തീർത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ നടക്കാവ് കോളനിയെ മോഡൽ കോളനിയായി ഉയർത്തി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിക്ക് ഒരു കോടി രൂപ ആണ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത ഏജൻസി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് ആലുവ ആണ്. കോളനിയിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല റോഡ് കോൺക്രീറ്റ് (700 മീ.), കമ്മ്യൂണിറ്റി ഹാൾ, ടോയ്ലെറ്റ്, കുടിവെള്ള പദ്ധതി, ഭജനമഠത്തിന്റെ മെയിന്റനൻസ് വർക്ക്, (ചുറ്റുമതിൽ, തേപ്പ്, ടൈൽസ്, പെയിന്റിംഗ്, ഗ്രിൽസ്, മേൽക്കൂര) ശ്മശാനത്തിന്റെ മേൽക്കൂര, ഷെഡ്ഡ്, വീട് പ്ലാസ്റ്ററിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly